# വൈദ്യുതിമന്ത്രിയ്ക്ക് അഭിവാദ്യങ്ങൾ

സി.ആർ. നീലകണ്ഠൻനമ്പൂതിരി

ഒരുപക്ഷെ ഈ കുറിപ്പ് അച്ചടിച്ച് നിങ്ങളുടെ കൈകളിലെത്തുമ്പോഴേക്കും ഈ തലക്കെട്ടിന് അർത്ഥമില്ലാതായേക്കാം. മന്ത്രി നിലനിൽപ്പിനുവേണ്ടി സ്വന്തം നിലപാട് മാറ്റിയേക്കാം (അതാണല്ലോ പ്രധാനമന്ത്രി മുതൽ പേരുടെ സ്വഭാവം). അല്ലെങ്കിൽ പാർട്ടി മന്ത്രിയെത്തന്നെ മാറ്റിയേക്കാം. എത്ര ക്ഷണികമാണെങ്കിലും ഇത്തരമൊരു ആഹ്ലാദം വളരെ വലുതുതന്നെയാണ്. ഭരിക്കുന്നത് ഏതു പാർട്ടിയായാലും ഒരു മന്ത്രിയുടെ ഏതെങ്കിലും ഒരു നടപടി ജനപക്ഷത്തുനിന്നാവാറില്ല. അതുകൊണ്ടുതന്നെ അവക്കെതിരെ മുർദ്ദാബാദ് വിളിക്കേണ്ടിവരാറാണ് പതിവ്. പക്ഷെ ഇത് വളരെ അപൂർവ്വമായ (മില്ലേനിയം പോലെ) ഒരവസരമാണ്. "കണ്ണൂർ താപനിലയത്തിന് മന്ത്രി ശർമ്മയുടെ പാര എന്ന് "വികസനവാദി"കളായ പത്രാദിമാദ്ധ്യമങ്ങൾ പറഞ്ഞത് സത്യമാണെന്ന വിശ്വാസത്തിലാണ് ആ മന്ത്രിയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചത്. കേരളത്തിലെ ഏറ്റവും വലിയ പത്രമായ മലയാളമനോരമയും ഏറ്റവും വലിയ പാർട്ടിയായ സി.പി.എമ്മും തമ്മിൽ എത്രയേറെ ശത്രുതയുണ്ടെങ്കിലും വികസന നയത്തിൽ അവർക്ക് അഭിപ്രായസമന്വയമുണ്ടെന്നാണ് സാധാരണക്കാർക്ക തോന്നിയിട്ടുള്ളത് വിമാനത്താവളമായാലും ഹൈവേയായാലും ഐ.ടി. ആയാലും വൻകിട അണക്കെട്ടുകളായാലും വ്യാവസായികമലിനീകരണമായാലും——ദിശ ഒന്നുതന്നെ. വേഗതയുടെ കാര്യത്തിലാണ് അൽപ്പം തർക്കമുള്ളു.

എന്നാൽ ഇവിടെ അതും സംഭവിച്ചിരിക്കുന്നു. കണ്ണൂർ താപനിലയത്തിൽ നിന്നും ലഭ്യമാകുന്ന വൈദ്യുതിക്കു വില കൂടുതലാകും എന്നതാണ് (പരോക്ഷമായെങ്കിലും) അതിനെതിരായി മന്ത്രി ഉന്നയിക്കുന്നതെന്ന വസ്തുത (ഏറ്റവും ചീപ്പസ്റ്റ് ആയി ലഭിക്കുന്ന വൈദ്യുതി വേണം എന്ന മന്ത്രി ആവർത്തിച്ചുകൊണ്ടിരുന്നു എന്ന് മനോരമ കളിയാക്കുന്നു!) എന്നത് തന്നെ നല്ല ലക്ഷണമാണ്. സി.പി.എമ്മിൻെറ വികസന - പരിസ്ഥിതി വിഭാഗം എന്നവകാശപ്പെടുന്ന സാക്ഷാൽ ശാസ്ത്രസാഹിത്യപരിഷത്തുതന്നെ കാലങ്ങളായി ആവർത്തിച്ച് ആവശ്യപ്പെടുന്നത് താപനിലയങ്ങൾക്കു വേണ്ടിയാണല്ലോ.

ആഗോളവൽക്കരണവാദികളുടെ അവതാരപുരുഷനായ ചന്ദ്രബാബു നായിഡുവിൻെറ സർക്കാർ നടപ്പിലാക്കിയ വൈദ്യുതി വിലവർദ്ധവിനെതിരെ കോൺഗ്രസ്സുമായി ചേർന്ന് സി.പി.എം. നടത്തുന്ന ജനകീയസമരത്തിൻെറ കാര്യമോ, മഹാരാഷ്ട്രയിലെ ധാബോളിൽ സ്ഥാപിക്കപ്പെട്ട എൻറോൺ നിലയത്തിനെതിരായി അവസാനനിമിഷം വരെ സി.ഐ.ടി.യു. അടക്കമുള്ളവർ നടത്തിയ സമരങ്ങളുടെ കഥയോ എൻറോൺ നിലയം പ്രവർത്തനമാരംഭിച്ചപ്പോൾ അന്നുവരെ നഷ്ടത്തിലല്ലാതിരുന്ന സംസ്ഥാന വൈദ്യുതി ബോർഡ് കുത്തുപാളയെടുത്ത സത്യമോ -ഏതാണ് മന്ത്രിയെ ഇതിനു പ്രേരിപ്പിച്ചിരിക്കുന്നത് എന്നറിയില്ല. എന്തിനിത്ര പോകുന്നു? നാഫ്താ ഇന്ധനമായ കായംകുളം നിലയത്തിലെ വൈദ്യുതിയുടെ വില മന്ത്രിയ്ക്ക് മറക്കാനാവില്ലല്ലോ. അതിലുമെത്രയോ ഭീകരമാണ് ബ്രഹ്മപുരം, നല്ലളം, മൈലാട്ടി (വരാൻ പോകുന്നത്) എന്നീ ഡീസൽ നിലയങ്ങളുടെ വിലകൾ. (നാഫ്താ നിലയത്തിൽ യൂണിറ്റിന് നാലു രൂപയും ഡീസൽ നിലയത്തിൽ ഒമ്പതുരൂപയുമാണ് ഈ മാസത്തെ നിരക്ക്. പെട്രോളിയം നിരക്ക് ഇനിയും കൂട്ടും എന്നുതന്നെ കേന്ദ്രൻ പറയുന്നു).

വൈദ്യുതിബോർഡിൻെറ മൊത്തം വരുമാനത്തിൻെറ നാല്പതുശതമാനം നൽകുന്നത് മൊത്തം വൈദ്യുതിയുടെ 20 ശതമാനം മാത്രം ഉല്പാദിപ്പിക്കുന്ന കായംകുളം നിലയത്തിനാണ്. പ്രകൃതിവാതകം ലഭ്യമാക്കി ആ വൈദ്യുതിയുടെ വില കുറയ്ക്കാനും ആ നിലയത്തിൻെറ ശേഷി കൂട്ടാനുമാണ് സർക്കാരിൻെറ പരിപാടിയെന്നും അങ്ങിനെ ജനങ്ങളുടെ മേൽ അധികഭാരം വരാതെ ശ്രദ്ധിക്കുമെന്നും മന്ത്രി പറഞ്ഞു. (ഹിന്ദു, സെപ്തം 18).

ഏതുവിലയ്ക്കും വൈദ്യുതി വാങ്ങാൻ കഴിയുന്ന അതിന്യൂനപക്ഷത്തിനുവേണ്ടിയല്ലോ താൻ നിലകൊള്ളുന്നതെന്നു പറഞ്ഞ മന്ത്രി ശർമ്മയ്ക്ക് കേരളത്തിലെ മുഴുവൻ സാധാരണക്കാരും പിന്തുണ പ്രഖ്യാപിക്കണം. വൈദ്യുതിവില ഇരട്ടിയായാലും വിരോധമില്ല, അരമണിക്കൂർ ലോഡ് ഷെഡിങ്ങ് ഒഴിവാക്കിയാൽ മതിയെന്ന തരത്തിൽ വാദിക്കുന്ന മനോരമാദി മാദ്ധ്യമങ്ങളുടെ വികസനസങ്കല്പങ്ങൾക്കെതിരാണ് ശരാശരി മലയാളിയെന്നു തെളിയിക്കാൻ ഇതൊരവസരമാണ്. അതല്ലെങ്കിൽ എതിർപാർട്ടിക്കാർ മാത്രമല്ല, സ്വന്തം പാർട്ടിക്കാർ തന്നെ അദ്ദേഹത്തെ വികസനവിരുദ്ധനെന്ന് ആക്ഷേപിച്ച് മനംമാറ്റിക്കാൻ ശ്രമിക്കും. അല്ലെങ്കിൽ മന്ത്രിയെത്തന്നെ മാറ്റിയേക്കും.

മന്ത്രിയുടെ ശരിയായ തീരുമാനത്തിനുള്ള ജനപിന്തുണയറിയിക്കാൻ മുഖ്യമന്ത്രിക്കും പിണറായി വിജയനും അച്യുതാനന്ദനും ഓരോ പോസ്റ്റ്കാർഡെങ്കിലും നാമെഴുതി അയക്കുക. ലക്ഷക്കണക്കായി ഇത്തരം കാർഡുകൾ ചെന്നാൽ മാത്രമേ അതിനു ഫലമുണ്ടാകൂ. മറിച്ച് ഇതെല്ലാം രാഷ്ട്രീയമല്ലേ? എന്ന രീതിയിൽ നിസ്സംഗത പാലിച്ചാൽ നാളെ ഓരോ ജില്ലയിലും താപനിലയം വരും. വൈദ്യുതിവില പലമടങ്ങാകുകയും ചെയ്യും.